**ആംസ്റ്റർഡാമിലെ റേഡിയോ നെതർലാന്റ്സ് ട്രെയിനിങ്ങ് സെന്ററിലേക്ക് കാടിനുള്ളിലൂടെയുള്ള വഴി തിരഞ്ഞെടുത്ത് പോയപ്പോഴുണ്ടായ സൈക്കിൾ അനുഭവം വിവരിക്കുന്നു**

**രാജുറാഫേൽ**

# കാട്ടിലെ സൈക്കിൾ

**അധികസമയം** പുല്ലിൽ കിടക്കാതെ, കുളിച്ച് വേഷം മാറി റേഡിയോ റൂമിൽപ്പോയി പ്രഭാത ഭക്ഷണം കഴിച്ചു. സഹപാഠികളെല്ലാം എണീറ്റു വരുന്നതേ ഉള്ളൂ. ബസ്സിൽ പോയാൽ എട്ടരയാകുമ്പോഴേക്കും റേഡിയോ നെതർലാന്റ്സിൽ എത്തും. കോനി വാൻ വെറ്റം എത്തി ഇൻസ്റ്റിറ്റ്യൂട്ട് തുറക്കുമ്പോഴേക്കും ഒൻപത് മണിയാകും. അതുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് നടന്നു പോകാം എന്ന് തീരുമാനിച്ചു.

റേഡിയോ നെതർലാന്റ്സ് ട്രെയിനിങ്ങ് സെന്ററിന്റെ ഹോസ്റ്റലായ ബുസ്സും സ്യൂദിലെ ബോസ്റ്റൺ ഗസ്റ്റ് ഹൗസിൽ നിന്ന് ഹിൽവർസമിലെ മീഡിയ പാർക്കിലേക്ക് രണ്ട് വഴികളാണ് ഉള്ളത്. ആംസ്റ്റർഡാമിൽ നിന്ന് ജർമ്മനിയിലേക്കുള്ള പ്രധാന ഹൈവേ മുറിച്ച് കടന്ന് പോകുന്ന ബസ്സ് റൂട്ട് ആണ് ആദ്യത്തേത്. ഈ റോഡിന് അനുബന്ധമായി സൈക്കിൾ പാതയും കാൽ നടക്കാർക്കുള്ള പാതയും ഉണ്ട്. കാടും വലിയൊരു ശുദ്ധജല തടാകവുമാണ് ബുസ്സുമിനും ഹിൽവർസം മീഡിയ പാർക്കിനുമിടയിൽ ഉള്ളത്. ഇതുരണ്ടും നമ്മളിൽ അസൂയ ജനിപ്പിക്കുന്നവിധം സുന്ദരമായി സംരക്ഷിച്ചിരിക്കുന്നു. കാടിനെയും തടാകത്തെയും ചുറ്റിയാണ് ഹിൽവർസം പട്ടണത്തിലേക്കുള്ള റോഡ് പോകുന്നത്. ബുസ്സും സ്യൂദ് ഗ്രാമം കഴിഞ്ഞാൽ പിന്നെ ജനവാസം ഉള്ളത് ഹിൽവർസം പട്ടണത്തിൽ മാത്രം. രണ്ട് പ്രാവിശ്യം ക്ലാസ് കഴിഞ്ഞ് വൈകീട്ട് ഞാൻ ഈ റോഡിലൂടെ ഗസ്റ്റ് ഹൗസിലേക്ക് നടന്ന് വന്നിട്ടുണ്ട്. നാല്പത് മിനിട്ട് നടന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഗസ്റ്റ് ഹൗസിലെത്താം. റോഡ് നേരെ എത്തുന്നത് ബുസ്സും സ്യൂദ് റെയിൽവേ സ്റ്റേഷനിലേക്കാണ്. പാളത്തിന് ഇപ്പുറമാണ് ഗസ്റ്റ് ഹൗസും ബുസ്സും ഗ്രാമവും.

ബോസ്റ്റൺ ഗസ്റ്റ് ഹൗസിൽ നിന്ന് പുറപ്പെടുമ്പോൾ റെയിൽവേ സ്റ്റേഷനിലേക്ക് കയറാതെ വലത്തോട്ട് നടന്നാൽ എത്തുക ഒരു വലിയ മൈതാനത്തേക്കാണ്. കാടിന്റെ ഭാഗമാണ് ഈ തരിശു പ്രദേശം. പൂർണ്ണമായും തരിശുഭൂമി എന്ന് പറഞ്ഞുകൂടാ. അവിടെയും ഇവിടെയുമൊക്കെ കുറ്റിച്ചെടികൾ കാണാം. മനോഹരമായ പൂക്കൾ ഉള്ള കുറ്റിച്ചെടികൾ. ഋതു, വസന്തമായതുകൊണ്ട് ചെടികളാ

യ ചെടികളെല്ലാം പൂക്കളാൽ കുളിച്ചുനിൽക്കുകയാണ് ഹോളണ്ടിൽ. പുൽനാമ്പുകളിൽ പോലുമുണ്ട് മഞ്ഞയും വെള്ളയും നിറത്തിലുള്ള കുഞ്ഞുപൂക്കൾ. നാട്ടിലെ ഗ്രാമങ്ങളിൽ ഓണക്കാലത്ത് കാണുന്ന തുമ്പപ്പൂവിനെ ഓർമ്മിപ്പിക്കുന്നു ഈ പുൽനാമ്പുകളിലെ പൂക്കൾ. ഈ തരിശുഭൂമിയിലൂടെ കാടിനുള്ളിലേക്ക് വഴിയുണ്ട്. കാട് മുറിച്ച് കടന്നാൽ റേഡിയോ നെതർലാന്റ് സിന്റെ നൂറ് മീറ്റർ അകലെയുള്ള റോഡിലെത്താം. ഇതാണ് ഹോസ്റ്റലിൽ നിന്ന് ഇൻസ്റ്റിറ്റ്യൂട്ടിലെത്താനുള്ള രണ്ടാമത്തെ വഴി.

'ഹോളണ്ടിലെ ശൈത്യമനുഭവിച്ചുകൊണ്ട് കാട്ടിലൂടെ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു നടത്തം- ജീവിതത്തിലെ ഏറ്റവും ഹൃദ്യമായ അനുഭവമാണ് അത്'. റേഡിയോ നെതർലാന്റ് സിലെ പഠനക്കാലത്തെക്കുറിച്ച് രാജഗോപാൽ സാറിന്റെ ഈ വാക്കുകൾ എത്രയോ തവണ കേട്ടിരിക്കുന്നു. പത്രപ്രവർത്തകനും മാധ്യമ പരിശീലകനുമായ കെ. രാജഗോപാലാണ് എനിക്ക് മുൻപേ റേഡിയോ നെതർലാന്റ് സിൽ പഠിക്കാൻ അവസരം ലഭിച്ച മലയാളി. ഏഷ്യാനെറ്റിന്റെ തുടക്കത്തിൽ എന്റെ ന്യൂസ് എഡിറ്ററായിരുന്നു രാജഗോപാൽ. മൂന്ന് നാല് വർഷങ്ങൾക്ക് മുൻപാണ് രാജഗോപാൽ റേഡിയോ നെതർലാന്റ് സിൽ ഞാൻ ഇപ്പോൾ പഠിക്കുന്ന ജേർണ്ണലിസം അധ്യാപക പരിശീലന കോഴ്സ് പൂർത്തിയാക്കിയത്. അദ്ദേഹത്തിന്റെ സ്നേഹപൂർവ്വമായ നിർബന്ധത്തിന് വഴങ്ങിയാണ് ഞാൻ ഈ കോഴ്സിന് അപേക്ഷ അയച്ചതുതന്നെ. എനിക്ക് റേഡിയോ നെതർലാന്റ് സിൽ പഠിക്കാൻ അവസരം നൽകുന്നത് കേരളത്തിലെ മൊത്തം പത്രപ്രവർത്തക സമൂഹത്തിന് നൽകുന്ന സഹായമാണെന്നും ലണ്ടനിലെ റോയിട്ടർ പരിശീലനത്തിലൂടെ ആർജ്ജിച്ച അറിവും പരിചയവും യുവതലമുറയിലെ പത്രപ്രവർത്തകർക്ക് പകർന്നു നൽകുന്നതിൽ ഞാൻ കാണിക്കുന്ന അർപ്പണബോധം അപാരമാണന്നും ഒക്കെ പുകഴ്ത്തി, റേഡിയോ നെതർലാന്റ് സ് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർക്ക് ഒരു കത്തും രാജഗോപാൽ സാർ എന്റെ അപേക്ഷയുടെ പുറകെ അയച്ചിരുന്നു. എന്നെ കണ്ണുംപൂട്ടി ഈ കോഴ്സിന് തിരഞ്ഞെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരെ പ്രേരിപ്പിച്ചതിന് പിന്നിൽ അവിടുത്തെ ഒരു നല്ല വിദ്യാർത്ഥിയായിരുന്ന രാജഗോപാലിന്റെ ഈ ശുപാർശ കത്തും ഉണ്ടായിരുന്നിരിക്കണം. അപേക്ഷ അയച്ച സമയത്ത് പലവട്ടം ഹോളണ്ടിലെ ജീവിതത്തെക്കുറിച്ച് ചോദിച്ചിട്ടുണ്ടെങ്കിലും കാട്ടിലൂടെയുള്ള നടത്തത്തെ കുറിച്ച് മാത്രമേ അദ്ദേഹം പറഞ്ഞിരുന്നുള്ളൂ. കാണാൻ പോകുന്ന പൂരം എന്തിന് പറഞ്ഞ് അറിയിക്കണം എന്ന് കരുതിയിട്ടുണ്ടാകണം.



എന്തായാലും ഹോളണ്ടിലേക്ക് വിമാനം കയറുന്നതിന് മുൻപേ ഞാൻ തീരുമാനിച്ചതാണ് കാട്ടിലൂടെ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് നടന്നു പോകുന്ന കാര്യം. പക്ഷെ ഇതുവരെ സാധിച്ചില്ല. കെനിയയിൽ നിന്നുമുള്ള ആനും നൈജീരിയയിൽ നിന്നുമുള്ള ജാനറ്റുമാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് തിരിച്ചു ഹോസ്റ്റലിലേക്ക് നടക്കാനുള്ള കൂട്ട്. രാവിലെ എല്ലാവരുടെയും കൂടെ ഇവരും ബസ്സിലാണ് പോകുന്നത്. എത്ര ശക്തമായ തണുപ്പ് ഉണ്ടെങ്കിലും ക്ലാസ് കഴിഞ്ഞുപോരുമ്പോൾ തിരിച്ച് നടക്കും. ആദ്യ ദിവസത്തെ നടപ്പിൽ തന്നെ ഈ ആഫ്രിക്കൻ പെണ്ണുങ്ങളുമായിട്ട് ഞാൻ കൂട്ടായിരുന്നു. അതുകൊണ്ട് രണ്ടാമത്തെ ദിവസം കാട്ടിലൂടെ നടക്കാം എന്ന് ഞാൻ നിർദ്ദേശം വച്ചു. പക്ഷെ വഴി അറിയാതെ രാത്രി കാട്ടിനുള്ളിൽ അകപ്പെടാനുള്ള സാദ്ധ്യത ചൂണ്ടികാട്ടി എന്റെ ആവശ്യം അവർ പാടെ തള്ളിക്കളഞ്ഞു.

**കാടിനുള്ളിലെ തടാകത്തിന് അടുത്തായിരിക്കണം ഞാൻ. അരയന്നങ്ങൾ അതിന്റെ സൂചനയാണ്. തടാകം കഴിഞ്ഞാൽ റോഡിലേക്ക് അധിക ദൂരമില്ല. അങ്ങിനെയാണെങ്കിൽ റേഡിയോ നെതർലാന്റ്സിന്റെ കൂറ്റൻ ടവർ ആന്റിന കാണണമല്ലോ എന്നോർത്ത് ആകാശത്തേക്ക് നോക്കി. ഷീപ്പോൾ എയർപ്പോർട്ടിൽ നിന്ന് പറന്ന് പൊങ്ങിയതും ഇറങ്ങാൻ തയ്യാറെടുക്കുന്നതുമായ മൂന്ന് നാല് വിമാനങ്ങളെ മാത്രമേ ആകാശത്ത് കണ്ടുള്ളൂ.**

എന്തായാലും ഇന്ന് കാട്ടിലൂടെ തന്നെ നടന്ന് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോകാം എന്ന് തീരുമാനിച്ചു. ഒറ്റക്കാണ്, വഴിതെറ്റി കാട്ടിൽ അകപ്പെട്ടാൽ എന്തായി തീരും എന്ന ആശങ്ക ഇല്ലാതില്ല. എങ്കിലും നടക്കാൻ തന്നെ തീരുമാനിച്ചു. ഇപ്പോൾ എട്ട് മണി ആയിട്ടേയുള്ളൂ. നടന്ന് എത്താൻ ഒന്നര മണിക്കൂർ എടുത്താൽ പോലും കുഴപ്പമില്ല

എന്ന് സ്വയം പറഞ്ഞ് ബോധ്യപ്പെടുത്തി.

പത്ത് മിനിട്ടുകൊണ്ട് തരിശായ മൈതാനം മുറിച്ചു കടന്നു. നല്ല വെയിലുള്ളതു കൊണ്ട് ഏതാനും പേർ പട്ടികളെയും കൊണ്ട് ഈ മൈതാനത്തിലേക്ക് വന്നിട്ടുണ്ട്. പട്ടികളെ ഓടിച്ച് കസർത്ത് ചെയ്യിക്കുകയാണ് അവർ. മൈതാനത്തിലൂടെയുള്ള എളുപ്പ വഴിയിലൂടെ ഏതാനും വിദ്യാർത്ഥികൾ വേഗത്തിൽ സൈക്കിളിൽ പോകുന്നുണ്ട്. സ്കൂളിലേക്കായിരിക്കണം. ഇനിയങ്ങോട്ട് കാടാണ്. കാട്ടിലേക്ക് പ്രവേശിക്കുന്ന നടപ്പാതക്ക് നാലടിയോളം വീതിയുണ്ട്. വാഹനങ്ങൾ കടക്കാതിരിക്കാനായി മരംകൊണ്ട് പടി ഉണ്ടാക്കിവെച്ചിട്ടുണ്ട്. എന്നാൽ കാൽനടക്കാർക്കും കുതിര സവാരിക്കാർക്കും കടന്നു പോകാനുള്ള സൗകര്യമുണ്ട്. കവാടത്തിൽ തന്നെ കാടിന്റെ വിസ്തീർണ്ണം, ഏതെല്ലാം തരത്തിലുള്ള മരങ്ങളും മൃഗങ്ങളും ഉണ്ട് എന്നെല്ലാം വ്യക്തമാക്കുന്ന വലിയ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. കാടിനുള്ളിലെ നടപ്പാതകളുടെ വിശദമായ മാപ്പും ബോർഡിലുണ്ട്. സൈക്കിളിൽ, കുതിരപ്പുറത്ത്, കാൽ നടയായി എന്നിങ്ങനെ മൂന്ന് രീതിയിൽ നിങ്ങൾക്ക് കാട്ടിലൂടെ സഞ്ചരിക്കാം, എല്ലാവിധ സ്വാഗതവും എന്നാണ് ഡെച്ച് ഭാഷയിൽ എഴുതിവെച്ചിരിക്കുന്നത്. ബോർഡ് കണ്ടപ്പോൾ തന്നെ ആശ്വാസമായി. കേരളത്തിലെ പോലെ കാടിനുള്ളിലേക്ക് കടന്നാൽ വനം വകുപ്പ് ഉദ്യോഗസ്ഥർ പിടികൂടി ഉപദ്രവിക്കുകയൊന്നുമില്ല (അനധികൃതമായി കാടിനുള്ളിലേക്ക് പ്രവേശിക്കുന്നത് കുറ്റകരമാണ് എന്ന ബോർഡാണ് കേരളത്തിൽ വനങ്ങളുടെ അതിർത്തിയിൽ നിങ്ങളെ സ്വാഗതം ചെയ്യുക. അതു കണ്ടാൽ തോന്നുക ഒരു മനുഷ്യൻ പോലും കടക്കാതെ വനം വകുപ്പുകാർ സുന്ദരമായി സംരക്ഷിച്ചിരിക്കുകയാണ് കേരളത്തിലെ കാടുകൾ എന്നാണ്..എന്നാൽ കഞ്ചാവ് കൃഷി മുതലുള്ള സർവ്വവിധ തോന്ന്യാസങ്ങളും അധികൃതരുടെ ഒത്താശയോടെ നിർബാധം നടക്കുന്ന സ്ഥലങ്ങളാണ് പൊതുവേ കേരളത്തിലെ കാടുകൾ എന്ന് 20 വർഷത്തെ പത്രപ്രവർത്തന ജീവിതത്തിന് ഇടയിൽ പലവട്ടം എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.).

എന്തായാലും വലതുകാൽ വെച്ച് കാടിന് അകത്തേക്ക് കയറി. നൂറ് അടി ചെന്നപ്പോഴേക്കും കാനനപാത ഇടത്തോട്ടും വലത്തോട്ടും രണ്ടായി തിരിഞ്ഞു. വലത്തോട്ടായിരിക്കും എനിക്ക് പോകേണ്ടത് എന്ന ധാരണയിൽ അതിലൂടെ നടന്നു. അഞ്ച് മിനിട്ട് നടന്നപ്പോഴേക്കും ശരിക്കും കാടിന് ഉള്ളിലായി. കാടിനുള്ളിൽ വല്ലാത്ത തണുപ്പ്. നല്ല തണുപ്പുള്ള വെള്ളത്തിൽ ഇറങ്ങിയതുപോലെ. പുറത്ത് ലഭിക്കുന്ന സൂര്യപ്രകാശമൊന്നും കാടിന് അകത്തില്ല. ചെറുതും വലതുമായ അനേകം മരങ്ങളുടെ ഇലചാർത്തുകൾ സൂര്യരശ്മികൾ ഭൂമിയിലെത്താതെ തടഞ്ഞിരിക്കുന്നു. മാത്രവുമല്ല, ഇന്നലെയുണ്ടായ കനത്ത മഞ്ഞ് വീഴ്ചയുടെ ഹാങ്ങ് ഓവറിൽ തന്നെയാണ് ഇപ്പോഴും കാടിന് ഉൾഭാഗം. വലിയ മരങ്ങളുടെ ചുവട്ടിലും താഴെയുള്ള ഇലകളിലും പഞ്ഞിക്കെട്ടുകൾപോലെ മഞ്ഞ് പറ്റിപ്പിടിച്ച് ഇരിപ്പുണ്ട്. അല്പനേരത്തേക്ക് ഞാനും ഒരുകുട്ടിയായി, ക്യാമറയും ലാപ്ടോപ്പും അടങ്ങിയ ബാഗ് താഴെവെച്ച് മരച്ചുവട്ടിൽ നിന്ന് മഞ്ഞ് കോരിയെടുത്ത് മുഖത്തും തലയിലുമെല്ലാം പൊത്തി.  തിരിഞ്ഞ് നോക്കിയപ്പോൾ രണ്ട്കാലിൽ എണീറ്റ് നിന്ന് എന്നെ സാകൂതം നോക്കി നിൽക്കുകയാണ് ഒരു മുയൽ. നല്ല വലിപ്പമുണ്ട്. മഞ്ഞ കലർന്ന ചാര നിറം. വഴിയിൽ മരങ്ങൾ ഇല്ലാത്തതുകാരണം വെയിൽ പതിയുന്ന അൽപ്പസ്ഥലം ഉണ്ട്, അവിടെയാണ് ആശാൻ നിൽക്കുന്നത്. സൂക്ഷിച്ച് നോക്കിയപ്പോൾ കുറെ അപ്പുറത്തായി വഴിയിൽ വെയിൽ വീഴുന്ന സ്ഥലത്തൊക്കെ മുയലുകളുണ്ട്. എല്ലാം വെയിൽ കായുകയാണ്. ചിലത് എന്തൊരു തണുപ്പ് എന്ന മട്ടിൽ കൂനികൂടി ഇരിപ്പുണ്ട്. ആ കാഴ്ചയുടെ രസത്തിൽ അല്പ നേരം വാ പൊളിച്ചു നിന്നെങ്കിലും പെട്ടന്ന് മനസ്സ് പ്രവർത്തിച്ചു. ബാഗ് തുറന്ന് ക്യാമറയെടുത്തു. ലെൻസ് എടുത്ത് ക്യാമറയിൽ ഉറപ്പിച്ച്, മരചുവട്ടിൽ നിന്ന് വഴിയിലേക്ക് പതുക്കെ അല്പം കയറി നിന്നു. ഫ്രെയിം സെറ്റ് ചെയ്ത് ക്ളിക്ക് ചെയ്യുമ്പോഴേക്കും 'പിന്നെ നിന്റെ ഒരു ഫോട്ടോ' എന്ന മട്ടിൽ മുയലുകളെല്ലാം മരക്കൂട്ടങ്ങളിലേക്ക് ഊളയിട്ടു. നിങ്ങൾക്ക് വേണ്ടങ്കിൽ എനിക്കും വേണ്ട എന്ന് മനസ്സിലുറപ്പിച്ച് ക്യാമറ തിരിച്ച് ബാഗിലിട്ട് ഞാൻ നടത്തം തുടർന്നു.

മുന്നോട്ട് ചെല്ലും തോറും കാടിന്റെ സാന്ദ്രതയും തണുപ്പും കൂടിവന്നു. അൽപ്പം കൂടി കഴിഞ്ഞപ്പോൾ വഴിയരുകിൽ തന്നെ ചെറിയ ഒരു പുൽമൈതാനം. ഇവിടെയും ഒരു കൂട്ടർ വെയിൽ കായുന്നുണ്ട്. നാല് അരയന്നങ്ങൾ. അപ്പുറത്തുള്ള മരച്ചുവട്ടിൽ വെയിലത്തേക്ക് വരണോ വേണ്ടയോ എന്ന് സംശയിച്ച് രണ്ട് വലിയ മാനുകളും നിൽക്കുന്നുണ്ട്. ഇത്തവണ ക്യാമറയെടുത്ത് ഫോട്ടോ പരീക്ഷണത്തിന് നിന്നില്ല. പ്രകൃതി ഭംഗിയും ജീവജാലങ്ങളെയും പകർത്തുന്നത് പിന്നീട് ഒരു ഒഴിവ് ദിവസമാകാം എന്ന് തീരുമാനിച്ച് വേഗം നടന്നു. ഇനി അധികം താമസിയാതെ കാടിന് പുറത്ത് കടക്കാം എന്ന് തോന്നി. കാടിനുള്ളിലെ തടാകത്തിന് അടുത്തായിരിക്കണം ഞാൻ. അരയന്നങ്ങൾ അതിന്റെ സൂചനയാണ്. തടാകം കഴിഞ്ഞാൻ റോഡിലേക്ക് അധിക ദൂരമില്ല. അങ്ങിനെയാണെങ്കിൽ റേഡിയോ നെതർലാന്റ്സിന്റെ കൂറ്റൻ  ടവർ ആന്റിന കാണണമല്ലോ എന്നോർത്ത് ആകാശത്തേക്ക് നോക്കി. ഷീപ്പോൾ എയർപ്പോർട്ടിൽ നിന്ന് പറന്ന് പൊങ്ങിയതും ഇറങ്ങാൻ തയ്യാറെടുക്കുന്നതുമായ മൂന്ന് നാല് വിമാനങ്ങളെ മാത്രമേ ആകാശത്ത് കണ്ടുള്ളു.

എന്തായാലും നടപ്പ് തുടരുക തന്നെ. ഇനി തുറസ്സായ സ്ഥങ്ങളും വെയിൽ കായുന്ന വലിയ മൃഗങ്ങളും ഒന്നും ഇല്ലാതിരുന്നാൽ മതിയായിരുന്നു. നടപ്പ് അൽപ്പം വേഗത്തിലാക്കി. പെട്ടന്ന് മനസ്സിൽ കുളിർ മഴ പെയ്യിച്ചുകൊണ്ട് ഒരു സൈക്കിൾ മണി നാദം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ ഒന്നല്ല, രണ്ട് സൈക്കിൾ. ഒരു സായിപ്പും മദാമ്മയും. ഭാര്യയും ഭർത്താവുമാണന്ന് തോന്നുന്നു. അവർക്ക് കടന്നുപോകാനായി ഞാൻ അല്പം ഒതുങ്ങി നിന്നു. വളരെ സൗഹൃദത്തോടെ എന്നെ വിഷ് ചെയ്ത് അവർ കടന്നുപോയി. വേഷം കണ്ടിട്ട് ജോലിക്ക് പോകുന്നവരാണന്ന് തോന്നുന്നു. ഹോളണ്ടിന്റെ പൊതു സവിശേഷതയായ, വലിയ കയറ്റങ്ങളും ഇറക്കങ്ങളും ഇല്ലാത്ത നിരപ്പായ ഭൂമി തന്നെയാണ് കാടിനുള്ളിലും. അതുകൊണ്ട് കാടിനുള്ളിൽ ഇവർക്ക് സൈക്കിളിൽ കറങ്ങാം. അന്തരീക്ഷ മലീനീകരണം ഒന്നും നടത്താത്തതുകൊണ്ട് വനത്തിന് ഏറ്റവും ഇണങ്ങിയ വാഹനം സൈക്കിളാണന്ന് ഞാൻ മനസ്സിലോർത്തു. റേഡിയോ നെതർലാന്റിലേക്ക് ഇതിലേ തന്നെയല്ലേ

പോവുകയെന്ന് അവരോട് ചോദിക്കാമായിരുന്നുവെന്ന് അവർ കടന്ന് പോയ ശേഷമാണ് തോന്നിയത്. ഇനിയും ആരെങ്കിലും ഇതുപോലെ സൈക്കിളിൽ വരുമായിരിക്കും എന്നോർത്ത് വേഗത്തിൽ നടന്നു. സമയം ഒൻപത് കഴിഞ്ഞിരിക്കുന്നു. കാടിനുള്ളിൽ നിന്ന് പുറത്ത് കടന്ന് സമയത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെത്തുമോ എന്ന കാര്യത്തിൽ എനിക്ക് സംശയമായി. പെട്ടെന്ന് അടുത്ത സൈക്കിൾ നാദം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ സൈക്കിളിൽ ഒരു സുന്ദരിപ്പെണ്ണ്. കറുപ്പിൽ ചുമന്ന പൂക്കളുള്ള ഡെച്ച് ഫ്രോക്ക് ആണ് വേഷം. കയ്യ് കാണിച്ച ഉടനേ തന്നെ സൈക്കിൾ നിറുത്തി. വിഷ് ചെയ്തുകൊണ്ട് റേഡിയോ നെതർലാന്റ്സിലേക്കുള്ള വഴി ചോദിച്ചു. സുന്ദരമായി ചിരിച്ചുകൊണ്ട് ഡെച്ചിൽ അവളുടെ മറുപടി. "സാറി, ഇക് വീറ്റ് ഹെറ്റ് നൈയി ഇൻഗൽസ് (ക്ഷമിക്കണം, എനിക്ക് ഇംഗ്ളീഷ് അറിയില്ല)'' . കുഴഞ്ഞല്ലോ എന്ന് മനസ്സിലോർത്ത് അറിയാവുന്ന ഡെച്ചിൽ ഞാൻ ചോദ്യം ആവർത്തിച്ചു. പക്ഷെ ഒരു രക്ഷയും ഇല്ല. ഈ ഗ്രാമീണപെൺകൊടിക്ക് എന്റെ മുറി ഡെച്ചും മനസ്സിലാകുന്നില്ല. അവസാനം ഞാൻ റേഡിയോ നെതർലാന്റ്സ് എന്ന് മാത്രം ഉറക്കെ രണ്ട് പ്രാവശ്യം പറഞ്ഞു. ഭാഗ്യം-അവൾക്ക് കാര്യം മനസ്സിലായെന്ന് തോന്നുന്നു. പുറകിലേക്ക് ചൂണ്ടി അവൾ എന്തോ പറയാൻ ഒരുങ്ങി, പിന്നീട് അതു വേണ്ടന്ന് വെച്ചു. ഡെച്ചിൽ എന്നോട് വഴി പറഞ്ഞിട്ട് കാര്യമില്ലല്ലോ എന്നോർത്തു കാണും. ഡെച്ച് വായിച്ച് മനസ്സിലാക്കുന്ന പോലെ എളുപ്പമല്ല, കേട്ടു മനസ്സിലാക്കാനും സംസാരിക്കാനും. പ്രത്യേകിച്ച് ഇംഗ്ളീഷ് തീണ്ടി അശുദ്ധമാക്കിയിട്ടില്ലാത്ത ക്ളാസിക്കൽ ഡെച്ച്. പാലക്കാട് ബ്യൂറോയിൽ നിന്ന് തമിഴ്നാട്ടിലേക്ക് വാർത്താശേഖരണത്തിന് പോകുമ്പോഴൊക്കെ ഇതേ പ്രശ്നം എനിക്ക് അനുഭവപ്പെടാറുണ്ട്. കോയമ്പത്തൂരിലെ തമിഴ് എനിക്ക് മനസ്സിലാകും. ഞാൻ പറയുന്നത് തിരിച്ച് അവർക്കും. പക്ഷെ ഉസലംപെട്ടി പോലുള്ള ഉൾനാടൻ ഗ്രാമങ്ങളിൽ ചെന്നാൽ ഒരുരക്ഷയുമില്ല. അവർ പറയുന്ന ശുദ്ധമായ തമിഴ് മനസ്സിലാക്കാൻ വലിയ പാടു തന്നെ.

ഒരുമിനിട്ടു നേരത്തെ ആലോചനക്ക് ശേഷം അവൾ വാച്ച് നോക്കി, അതിന് ശേഷം തീരുമാനമെടുത്തപ്പോലെ എന്നെ നോക്കി തലകുലുക്കി. വന്ന വഴിക്ക് അനായാസമായി സൈക്കിൾ തിരിച്ചുവെച്ചു. മീദീയാ ? റേഡിയോ നെതർലാന്റ്സിലെ പത്രപ്രവർത്തകനാണോ ഞാൻ എന്നാണ് ചോദ്യം. അവരുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കാനായി ഇന്ത്യയിൽ നിന്ന് വന്ന പത്രപ്രവർത്തകനാണ് എന്ന് പറഞ്ഞ് ഒപ്പിക്കാൻ അറിയാത്തതുകൊണ്ട് അതെയെന്ന് തലകുലുക്കി. അവൾ പെട്ടന്ന് സൈക്കിളിൽ കയറി. തല പുറകോട്ട് തിരിച്ച് എന്നെ നോക്കി, കയറ് എന്ന അർത്ഥത്തിൽ ഇടതുകൈയ്യുകൊണ്ട് സൈക്കിളിന്റെ ബാക്ക് കരിയറിൽ തട്ടി. മടിച്ചു മടിച്ചാണെങ്കിലും സൈക്കിൾ മെല്ലെ ഉന്തി, ഞാൻ ബാക്ക് കാരിയറിൽ ചാടി കയറിയിരുന്നു. പേരറിയാത്ത ഡെച്ച് പെൺകുട്ടി സൈക്കിൾ ആഞ്ഞുചവുട്ടി, രണ്ട് മിനിറ്റുകൊണ്ട് നേരത്തെ അരയന്നങ്ങളെ കണ്ട തുറന്ന സ്ഥലത്ത് എത്തി. അവിടെ നിന്ന് ചെറിയ ഒരു വഴിയിലൂടെ വലത്തോട്ടു തിരിഞ്ഞു. അവിടെയെത്തിയപ്പോൾ വഴി ചൂണ്ടികാണിച്ച് അവൾ എന്തോ പറയാൻ ശ്രമിക്കുകയും ചെയ്തു. കാര്യം എനിക്ക് മനസ്സിലായി. റേഡിയോ നെതർലാന്റ്സിലേക്ക് പോകാൻ ഞാൻ ഇവിടെ ഈ ചെറിയ വഴിയിലൂടെ തിരിഞ്ഞ് പോകേണ്ടതായിരുന്നു. ഇവിടെ വച്ചാണ് വഴി തെറ്റിയത്. പെട്ടന്ന് തടാകവും റേഡിയോ നെതർലാന്റ്സിന്റെ ടവ്വറും ദൃശ്യമായി. ഇത്രയും മതി, ഇവിടെ നിന്ന് ഞാൻ നടന്നു പോയ്ക്കോളം എന്ന് പറയണം എന്നുണ്ടായിരുന്നു. പക്ഷെ അത് അവൾക്ക് മനസ്സിലാകുന്ന ഡെച്ചിൽ പറയാനറിയാത്തതുകൊണ്ട് മിണ്ടാതെ സൈക്കിളിന് പുറകിൽ തന്നെയിരുന്നു.

അഞ്ചുമിനിട്ടുള്ളിൽ റേഡിയോ നെതർലാന്റ്സിന്റെ മുന്നിലെത്തി. അവൾ സൈക്കിൾ കൊണ്ടു നിറുത്തിയതോ, ബസ്സ് ഇറങ്ങി കൂട്ടമായി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് വരികയായിരുന്ന എന്റെ സഹപാഠികളുടെ മുന്നിലും. ടിനയൊഴികെ എല്ലാവരും ആ കൂട്ടത്തിലുണ്ട്. ഒരു സുന്ദരി പെൺകുട്ടിയുടെ സൈക്കിളിന്റെ ബാക്ക് കാരിയറിൽ വന്നിറങ്ങിയ എന്നെ അവർ ആർപ്പുവിളികളോടെ എതിരേറ്റു. എന്തോ വലിയ കാര്യം ചെയ്തപോലെ മത്സരിച്ച് കൈകൊടുത്തു അവളെ അഭിനന്ദിച്ചു. നാണംകൊണ്ട് അവളുടെ മുഖം ചുമന്ന് തുടുക്കുന്നത് ഞാൻ കണ്ടു. പെട്ടന്ന് സൈക്കിളെടുത്ത് യാത്ര പോലും പറയാതെ വന്ന വഴിക്ക് വേഗത്തിൽ അവൾ ചവുട്ടിപ്പോയി.

(തുടരും)

**രചനകൾ ക്ഷണിക്കുന്നു**

പ്രതിസംസ്കൃതിയുടെ 'യുവതയുടെ നാനാർത്ഥങ്ങൾ' ലക്കത്തിലേക്ക് (ഗസ്റ്റ് എഡിറ്റർ: വി.കെ. ശ്രീധരൻ) യുവജനങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക വിഷയങ്ങളിൽ രചനകൾ ക്ഷണിക്കുന്നു. രചനകൾ ജൂലായ് 30നകം അയയ്ക്കാൻ താത്പര്യപ്പെടുന്നു. വിലാസം: ഇ.ടി. വർഗ്ഗീസ്, എഡിറ്റർ, പ്രതിസംസ്കൃതി, ബിഷപ്പ് പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ, ചേറൂർ പി.ഒ, തൃശൂർ- 8. വിശദവിവരങ്ങൾക്ക്: 9495046503

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com

**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**

**വായനക്കാരുടെ പ്രതികരണങ്ങൾ**

അറിയിപ്പുകൾ അഭിപ്രായങ്ങൾ എല്ലാം
**എഴുതുക/വിളിക്കുക/അയക്കുക**
കേരളീയം കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com